46

ക്ഷീരവികസനവകുപ്പ് ഡയറക്ടറേറ്റ്
പട്ടം, തിരുവനന്തപുരം - 695004
ഫോൺ: 2445749, 2445799
ഇ-മെയിൽ: dddtvm@gmail.com

നം.സി1/9768/2017 തീയതി, 23-06-2017

**സർക്കുലർ നം.17/2017**

വിഷയം: ക്ഷീരവികസനവകുപ്പ്–ക്ഷീരസഹകരണസംഘങ്ങളിൽ കാഷ്‌ലെസ്സ് പേമെന്റ് സംവിധാനം നടപ്പിലാക്കുന്നത് - സംബന്ധിച്ച്.

സൂചന:

1. ക്ഷീരവികസനവകുപ്പ് ഡയറക്ടറുടെ 10-11-2016-ലെ 19/16 നമ്പർ സർക്കുലർ.
2. കേരളാ കോ-ഓപ്പറേറ്റീവ് മിൽക്ക് മാർക്കറ്റിംഗ് ഫെഡറേഷൻ മാനേജിംഗ് ഡയറക്ടറുടെ നം.17/MMG/5078, തീയതി, 29-05-2017 നമ്പർ കത്ത്.

ക്ഷീരസഹകരണസംഘങ്ങളിൽ പാലളക്കുന്ന കർഷകർക്ക് പാൽവില നൽകുന്നത് ബാങ്ക് അക്കൗണ്ട് മുഖേന വേണമെന്ന് മേൽ സൂചന സർക്കുലർ (1) പ്രകാരം എല്ലാ ക്ഷീരസംഘങ്ങൾക്കും നിർദ്ദേശം നൽകിയിരുന്നു. നിലവിൽ ബാങ്ക് അക്കൗണ്ട് ഇല്ലാത്ത ക്ഷീരകർഷകരുടെ പേരിൽ ബാങ്ക് അക്കൗണ്ട് ആരംഭിച്ച് എത്രയും വേഗം കാഷ്‌ലെസ്സ് പേമെന്റ് സംവിധാനം നടപ്പിലാക്കുന്നതിനും നിർദ്ദേശം നൽകിയിരുന്നു. എന്നാൽ ടി നിർദ്ദേശങ്ങൾ പൂർണ്ണമായി പാലിക്കപ്പെട്ടിട്ടില്ലായെന്ന് കാണുന്നു. മേൽ സൂചന (2) കത്തിലൂടെ കേന്ദ്ര ഗവൺമെന്റിന്റെ NDP (National Dairy Plan) മുഖേനയുള്ള ധനസഹായം ലഭിക്കുന്നതിനും കാഷ്‌ലെസ്സ് പേമെന്റ് സംവിധാനം എല്ലാ ക്ഷീരസംഘങ്ങളിലും നടപ്പിലാക്കണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്.

ഈ സാഹചര്യത്തിൽ സംസ്ഥാനത്തെ എല്ലാ ക്ഷീരസംഘങ്ങളിലും പാൽവിലയും ഇതര ആനുകൂല്യങ്ങളും കർഷകർക്ക് ബാങ്ക് അക്കൗണ്ടിലൂടെ നൽകുന്നതിന് നടപടി സ്വീകരിക്കണമെന്ന് നിർദ്ദേശിക്കുന്നു. കൂടാതെ, ഓരോ ജില്ലയിലെയും ഡെപ്യൂട്ടി ഡയറക്ടർമാർ അതാത് സംഘങ്ങൾക്ക് ഇക്കാര്യത്തിൽ ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങളും സഹകരണവും നൽകിക്കൊണ്ട് കാഷ്‌ലെസ്സ് പേമെന്റ് സംവിധാനം പൂർണ്ണമായി നടപ്പിലാക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്. ഇക്കാര്യത്തിൽ ജില്ലകളിലെ ബ്ലോക്ക് തിരിച്ചുള്ള പുരോഗതി പ്രതിമാസ കോൺഫറൻസിൽ അവലോകനം ചെയ്യേണ്ടതും ഈ ഓഫീസിൽ റിപ്പോർട്ട് ചെയ്യേണ്ടതാണെന്നും നിർദ്ദേശിക്കുന്നു.

ഒപ്പ്
**ഡയറക്ടർ**

എല്ലാ ഡെപ്യൂട്ടി ഡയറക്ടർമാർക്കും

അംഗീകാരത്തോടെ,

ജൂനിയർ സൂപ്രണ്ട്

എം.എൽ.27.06.